# ACADEMIC MASTER PLAN 2025-26

SCHOOL : CDAUPS OLIVEMOUNT

SUB DISTRICT : KUZHALMANNAM

EDUCATIONAL DISTRICT : PALAKKAD

# ഉള്ളടക്കം

ആമുഖം

അടിസ്ഥാന സൗകര്യങ്ങൾ

സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ

വിദ്യാലയത്തിന്റെ കാഴ്ചപ്പാട്

വിദ്യാലയത്തിന്റെ പൊതുലക്ഷ്യങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ

ക്ലാസ്തല / സ്കൂൾതല തനത് പ്രവർത്തനങ്ങൾ

ഉപസംഹാരം

# ആമുഖം

## ഒലിവ്മൗണ്ട് സി.ഡി.എ.യു.പി.സ്കൂൾ ചരിത്രത്താളിലൂടെ

പാലക്കാട് വിദ്യാഭ്യാസ ജില്ലയിലെ കുഴൽമന്ദം ഉപജില്ലയിൽ കഴിഞ്ഞ 97 വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന ഒരു പൊതുവിദ്യാലയമാണിത്. 1928 ൽ സ്ഥാപിതമായ ഈ സ്കൂൾ മലങ്കര മർത്തോമ്മാ മാനേജ്മെന്റ് കീഴിലുള്ള ഒരു എയ്ഡഡ് യു.പി സ്കൂൾ ആണ്.

ക്രിസ്തുവർഷം 1928 ൽ മലബാറിൻെറ നെല്ലറയും പുരാതന ഗ്രാമവുമായ കുഴൽമന്ദത്ത് പാലക്കാട്ടച്ചൻ എന്നറിയപ്പെട്ടിരുന്ന ബിഷപ്പ് ജോൺവർഗീസ് തിരുമേനിയാണ് ഈ സ്കൂൾ സ്ഥാപിച്ചത്. അജ്ഞതയുടെ അന്ധത ബാധിച്ച സാധാരണക്കാരൻെറ ജീവിതത്തിൽ അക്ഷരവെളിച്ചം നൽകി സാമൂഹിക നവീകരണത്തിനു നേതൃത്വം നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ സ്ഥാപനം നിലവിൽ വന്നത്. കുഴൽമന്ദത്ത് പുതുക്കോട് എന്ന പ്രദേശത്ത് ഒരു ഹിന്ദു സ്നേഹിതന്റെ ഓലമേഞ്ഞ ഒരു പഴയവീട്ടിൽ രണ്ടുകുട്ടികളോടുകൂടി ആരംഭിച്ച ഈ സ്കൂൾ സാവധാനത്തിൽ നാടിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉയർന്നതിൻെറ ഫലമായി ആശ്രമവും യു.പി സ്കൂളും പുരോഗതി പ്രാപിക്കയുണ്ടായി. 1931ൽ നാല് ക്ലാസ്സുകളായി 150 കുട്ടികൾ ഇരുന്ന് പഠിക്കുന്നതിനുള്ള കെട്ടിടങ്ങൾ ഉയർന്നുവന്നു.

ആ കാലത്ത് ഒന്നാം ക്ലാസ്മുതൽ കുട്ടികളിൽ നിന്ന് ഫീസ് പിരിക്കുന്ന സമ്പ്രദായം നില നിന്നിരുന്നു. ഈ ഫീസ് പിരിക്കാത്തതുകൊണ്ട് മിഡിൽ സ്കൂൾ അംഗീകാരം ലഭിച്ചില്ല. നമ്മുടെ സ്കൂൾ ഒരു കച്ചവടസ്ഥാപനമല്ലെന്നും, അതിനാൽ ഫീസ് പിരിക്കില്ലെന്നും ഗവൺമെൻെറിനെ ബോദ്ധ്യപ്പെടുത്തിയപ്പോൾ ഈ ഉന്നതാദർശത്തെ മാനിച്ച് സ്കൂളിന് അംഗീകാരം നൽകി .1941ൽ ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുള്ള അംഗീകൃത സ്കൂൾ ആയി ഉയർന്നു വന്നു. 1955ൽ കമ്മ്യൂണിററി പ്രോജക്റ്റിൽ നിന്നുള്ള ധനസഹായത്തോടെ സ്കൂൾ കെട്ടിടങ്ങൾ പുതിയതായി പണികഴിപ്പിക്കുകയും ചെയ്തു.

മാർത്തോമ്മാ സഭയുടെ കുഴൽമന്ദം ക്രിസ്തുദാസ് അശ്രമത്തിന്റെ അധീനതയിൽ ആയിരുന്ന ഈ സ്കൂൾ 1977 ൽ തിരുവല്ല ആസ്ഥാനമായുള്ള മാർത്തോമ്മ കോർപ്പറേറ്റ് മാനേജ്മെന്റ് ഏറ്റെടുത്തു. ഇന്ന് ഈ പ്രദേശത്തെ സാമൂഹ്യ, വിദ്യാഭ്യാസപരമായ മേഖലകളിൽ ഔന്നത്യം നേടിക്കൊണ്ട് 300 ൽ അധികം കുട്ടികളുമായി കുഴൽമന്ദം സബ്ജില്ലയുടെ അഭിമാനമായി നിലനിൽക്കുന്നു. എൽ.കെ.ജി മുതൽ ഏഴാം ക്ലാസ് വരെയുള്ള വിദ്യാലയമാണിത്. ഇപ്പോൾ പതിമൂന്ന് അധ്യാപകരും ഒരു ഓഫീസ് അസിസ്റ്റന്റും ജോലി ചെയ്യുന്നു. പ്രധാനാധ്യാപികയായി ശ്രീമതി മോളി തോമസ് സേവനം അനുഷ്ഠിക്കുന്നു.

-----------------*-----------------

.

# സി.ഡി.എ.യു.പി.സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ

## അധ്യാപകരുടെ എണ്ണം

| | |
|---|---|
| 1. മോളി തോമസ് | : പ്രധാനാധ്യാപിക |
| 2. ശ്രുതി | : പ്രീ പ്രൈമറി അധ്യാപിക |
| 3. രതിദേവി | : പ്രീ പ്രൈമറി അധ്യാപിക |
| 4. അഞ്ചു സൂസൻ ജോർജ് | : എൽ പി എസ് റ്റി |
| 5. സിനു എസ് കെ | : എൽ പി എസ് റ്റി |
| 6. ലീബ മേരി കോശി | : എൽ പി എസ് റ്റി |
| 7. ആൻസി സ്കറിയ | : എൽ പി എസ് റ്റി |
| 8. ഖദീജ എ | : എഫ്.ടി.എൽ.ജി അറബിക് |
| 8. സൗമ്യ സാമുവേൽ | : യു.പി.എസ്.റ്റി |
| 10. ഷിജി എൽവിൻ ഫിലിപ്പ് | : യു.പി.എസ്.റ്റി |
| 11. തസ്ലീമ എം | : യു.പി.എസ്.റ്റി |
| 12. എം വി കൃഷ്ണകുമാർ | : എഫ്.ടി.എൽ.ജി ഹിന്ദി |
| 13. സെയ്ജു ജോർജ് | : എഫ്.ടി സംസ്കൃതം ടീച്ചർ |

## കുട്ടികളുടെ എണ്ണം 2025–26

I : 23

II : 26

III : 26

IV : 37

V : 31

VI : 43

VII : 56

# അടിസ്ഥാന സൗകര്യങ്ങൾ

സ്കൂളിൽ 13 ക്ലാസ് മുറികൾ ആണുള്ളത്. ഓഫീസ് മുറിയും അടുക്കളയും പ്രത്യേക മുറികളായി പ്രവർത്തിച്ചുവരുന്നു. ദിശ പദ്ധതിയുടെ ഭാഗമായി എംഎൽഎ ഫണ്ടിൽ നിന്നും ലഭിച്ച ആസ്തി വികസനഫണ്ട് ഉപയോഗിച്ച് നവീകരിച്ച അടുക്കളയും ഉണ്ട്. നല്ല ജലലഭ്യതയുള്ള കിണർ സൗകര്യം ഉണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ ജലവിതരണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് കൈ കഴുകാനായി ആവശ്യമായ ടാപ്പുകൾ എൽ.പി / യു.പി വിഭാഗങ്ങളിലായി സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികൾക്കായി യൂറിനലുകളും ടോയ്‌ലറ്റുകളും ക്രമീകരിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ രീതിയിലാണ് അവ ക്രമീകരിച്ചിട്ടുള്ളത്.

കൈറ്റ് ന്റെ ഐ.ടി പൈലറ്റ് പ്രോജക്റ്റിന്റെ ഭാഗമായി സ്കൂളിന് ലാപ്ടോപ്പുകളും പ്രൊജക്ടറുകളും ലഭിച്ചിട്ടുണ്ട്. അവ കുട്ടികളുടെ പഠന ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. ശാസ്ത്രലാബ് ഉള്ള പഞ്ചായത്തിലെ ഏക യു.പി സ്കൂൾ ആണ്. ലൈബ്രറി സംവിധാനവും ഒരുക്കിയിട്ടുണ്ട്. എല്ലാ ക്ലാസ് മുറികളിലും ആവശ്യമായ ലൈറ്റുകളും ഫാനുകളും ബ്ലാക്ക്ബോർഡുകളും വൈറ്റ് ബോർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് കളിക്കാൻ മതിയായ സൗകര്യമുള്ള സ്കൂൾ മുറ്റം ഉണ്ട്.

കുട്ടികളുടെ പഠനനിലവാരം തിരിച്ചറിയുന്നതിന് മാസംതോറും യൂണിറ്റ് ടെസ്റ്റ്, മന്ത്‌ലി ടെസ്റ്റുകൾ നടത്തിവരുന്നു. പഠന പിന്നോക്കക്കാർക്കായി പ്രത്യേക പരിശീലനക്ലാസുകൾ സജ്ജീകരിച്ചു വരുന്നു. ഈ വർഷം ഓരോ ക്ലാസിനും ഓരോ തനത് പ്രവർത്തനം എന്ന വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് അവ നടപ്പാക്കി വരുന്നു. കലാ - കായിക - ശാസ്ത്ര മേളകളിൽ മികച്ച മുന്നേറ്റം നടത്തുവാനായി ആവശ്യമായ മികച്ച പരിശീലനം കുട്ടികൾക്ക് നൽകി വരുന്നു. കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയ്ക്ക് സഹായിക്കുന്ന കരാട്ടെ പരിശീലനവും നടത്തിവരുന്നു.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ, പരിമിതികൾ

| | |
|---|---|
| സ്വന്തമായ സ്കൂൾ വാഹനം | സ്വന്തമായ സ്കൂൾ വാഹനം ഇല്ലാത്തതിനാൽ മറ്റു പ്രൈവറ്റ് വാഹനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു |
| ആൺകുട്ടികൾക്ക് പ്രത്യേക ടോയ്‌ലറ്റ് സൗകര്യം | ടോയ്‌ലറ്റ് സൗകര്യം ഉണ്ടെങ്കിലും ആൺകുട്ടികൾക്കായി പ്രത്യേകമായി ടോയ്‌ലറ്റ് സംവിധാനമില്ല. അത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. പഞ്ചായത്തിന്റെ സഹകരണത്തോടെ അത് പരിഹരിക്കാം എന്നാണ് പ്രതീക്ഷ |
| ബയോഗ്യാസ് പ്ലാന്റ് | ഭക്ഷണ അവശിഷ്ടങ്ങൾ നിക്ഷേപിക്കുവാൻ പിറ്റുണ്ടെങ്കിലും അത് സംസ്കരിച്ച് പാചകത്തിന് ഉപയോഗപ്പെടുത്താൻ ഒരു ബയോഗ്യാസ് പ്ലാന്റ് സംവിധാനം ഉണ്ടെങ്കിൽ ഏറെ ഉപകാരപ്രദം ആകും |

## വിദ്യാലയത്തിന്റെ കാഴ്ചപ്പാട്

'പ്രകാശനായ പ്രകാശിത:' (വെളിച്ചം നൽകുവാൻ പ്രകാശിക്കപ്പെട്ടത്) എന്ന വലിയ ഉൾക്കാഴ്ചയോടെ പ്രവർത്തിക്കുന്ന മലങ്കര മർത്തോമ്മാ സുറിയാനി സഭയുടെ കോർപ്പറേറ്റ് മാനേജ്മെന്റ് കീഴിലുള്ള ഒരു എയ്ഡഡ് യുപി സ്കൂൾ ആണിത്. മുന്നിലിരിക്കുന്ന കുട്ടി ഭാരതത്തിന്റെ നാളത്തെ വാഗ്ദാനമാണെന്ന ബോധ്യത്തോടെ അവന്റെ / അവളുടെ ശാരീരിക, മാനസിക വളർച്ചയ്ക്ക് നിദാനമായതെല്ലാം പ്രദാനം ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. കുട്ടി നേരിടുന്ന കുടുംബപരവും സാമൂഹികവുമായ വെല്ലുവിളികളെ അതിജീവിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ വേണ്ട പ്രയത്നങ്ങൾക്ക് ആരംഭം കുറിക്കേണ്ട സ്ഥലമാണ് വിദ്യാലയം. ആ ബോധ്യത്തോടെ കുട്ടിയെ അതിന് പ്രാപ്തമാക്കുവാൻ പരമാവധി ശ്രമിക്കുക എന്നതാണ് ഓരോ അധ്യാപകന്റെയും കടമ. കേവലം ക്ലാസ് മുറിയിലെ പഠനം മാത്രമല്ല വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. സമസ്ത മേഖലയിലും അറിവും കഴിവുമുള്ള ഒരു പൗരനായി ഓരോ കുട്ടിയും വളരേണ്ടതുണ്ട്. മാറുന്ന ലോകത്തിന്റെ പുത്തൻ സാങ്കേതിക വിദ്യകൾ തിരിച്ചറിയുകയും വൈവിധ്യമാർന്ന ശേഷികൾ നേടിയെടുക്കുകയും ചെയ്യുവാൻ ഓരോ കുട്ടിയെയും പര്യാപ്തമാക്കുവാൻ ഈ സ്ഥാപനം എന്നും പ്രതിജ്ഞാബദ്ധമാണ്.

# വിദ്യാലയത്തിന്റെ പൊതുലക്ഷ്യങ്ങൾ

* പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുക

* കുട്ടിയെ മൂല്യബോധമുള്ള സാമൂഹികബോധമുള്ള പൗരനായി വാർത്തെടുക്കുക.

* വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് പൊതുസമൂഹത്തിന്റെ പിന്തുണ നേടുക

* പഠനപിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക

* കുട്ടികളുടെ പഠനം രസകരവും ലളിതവുമാക്കി തീർത്തുവാനായി കഴിയുന്നത്ര ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുക.

* കേവലം പഠനത്തിന് പുറമേ കലാപരവും കായികപരവുമായ കുട്ടികളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുക

* വീടുകളിൽ കുട്ടികൾ നേരിടുന്ന പേരെന്റിങ് സംബന്ധിച്ച പ്രയാസങ്ങൾ തിരിച്ചറിഞ്ഞ് രക്ഷിതാക്കൾക്കും ബോധവൽക്കരണം നൽകുക

# അക്കാദമിക പ്രവർത്തനങ്ങൾ

| ഉപമേഖല | **നിലവിലെ അവസ്ഥ** | മെച്ചപ്പെടുത്താനുള്ള പ്രവർത്തനം |
|---|---|---|
| വായന | കുട്ടികളിലെ വായന പ്രോത്സാഹിപ്പിക്കുന്നതിനായി പത്രങ്ങൾ വരുത്തുന്നു. എല്ലാ വെള്ളിയാഴ്ചയും പത്രക്വിസ് സംഘടിപ്പിക്കുന്നു<br><br>ലൈബ്രറി ചാർജുള്ള ടീച്ചറുടെ നേതൃത്വത്തിൽ പുസ്തകവിതരണം നടത്തുന്നു. വായിച്ച പുസ്തകങ്ങളെ കുറിച്ച് അസംബ്ലിയിൽ വായനാക്കുറിപ്പ് അവതരിപ്പിക്കുന്നു. എല്ലാ ക്ലാസിലും വായനാമൂല സജ്ജീകരിക്കുന്നു. | ക്ലാസ് ലൈബ്രറികൾ നവീകരിക്കേണ്ടതുണ്ട്. കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.<br><br>ഓരോ ക്ലാസിലും വായനാ മൂലയ്ക്കായി പ്രത്യേക സംവിധാനം (അലമാര അല്ലെങ്കിൽ ബുക്ക് ഷെൽഫ് ഒരുക്കേണ്ടതുണ്ട്. |
| ദിനാചരണങ്ങൾ | എല്ലാ ദിനാചരണങ്ങളും വളരെ വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കുന്നു. | പരിപാടികൾ സംഘടിപ്പിക്കാനുള്ള ഒരു പെർമനന്റ് ഹാൾ ഒരുക്കേണ്ടതുണ്ട് |
| സർഗാത്മക പരിപോഷണം | കുട്ടികളിലെ സർഗാത്മ കഴിവുകളെ പ്രോത്സാഹിപ്പിക്കുവാനായി എൽ.പി കുട്ടികൾക്ക് ബാലസഭയും യു.പി കുട്ടികൾക്ക് സർഗ്ഗ വേദിയും നടത്തിവരുന്നു. കുട്ടികളെ വിഷയ അടിസ്ഥാനത്തിൽ വിവിധ മേളകളിൽ പങ്കെടുപ്പിക്കുന്നു | പരിശീലനങ്ങൾക്കും മറ്റുമായി റിസോഴ്സ് അധ്യാപകരുടെ അപര്യാപ്ത നേരിടുന്നു |
| ശുചിത്വബോധം / അച്ചടക്കം | ശുചിത്വ ക്ലബ്ബിന്റെ നേതൃത്വത്തിൽ ശുചിത്വ പരിശോധന നടത്തുന്നു.<br><br>സ്കൂളിന്റെ ബാത്റൂം, മറ്റു പരിസരങ്ങൾ എന്നിവ ക്ലബ്ബിന്റെ നേതൃത്വത്തിൽ ശുദ്ധീകരിച്ചു വരുന്നു.<br><br>ക്ലാസ് റൂം വേസ്റ്റുകൾ കൃത്യമായി ശേഖരിച്ച് അതാതിന്റെ ബോക്സിൽ നിക്ഷേപിക്കുവാൻ സജ്ജരാക്കുന്നു.<br><br>ഉച്ചഭക്ഷണ വേസ്റ്റുകൾ സ്കൂളിൽ കിടന്നു അഴിയാതെ പരിസരം വൃത്തിയാക്കുവാനായി ക്ലാസ് ലീഡർമാരുടെ നേതൃത്വത്തിൽ ക്ലാസുകൾ ക്ലീൻ ചെയ്യുകയും ഒരു വറ്റുപോലും നഷ്ടപ്പെടാതെ അത് കളക്ട് ചെയ്യുവാൻ സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഫാമുകാർ ആ വേസ്റ്റ് കൊണ്ട് പോകുന്നുണ്ട് | ഭക്ഷണാവശിഷ്ടങ്ങൾ ശുദ്ധീകരിച്ച് വളം ആയി മാറ്റുവാനായി ഒരു ബയോഗ്യാസ് സംവിധാനം ലഭിച്ചാൽ നന്ന്. അതിനായി പഞ്ചായത്ത് അധികൃതരുമായി സംസാരിച്ചിരിക്കുകയാണ്. |

# അക്കാദമിക പ്രവർത്തനങ്ങൾ

| ഉപമേഖല | **നിലവിലെ അവസ്ഥ** | മെച്ചപ്പെടുത്താനുള്ള പ്രവർത്തനം |
|---|---|---|
| വൈവിധ്യമാർന്ന സ്കൂൾ അസംബ്ലി | വാർത്തവായന , തോട്ട് ഓഫ് ദി ഡേ, മഹാന്മാരെ പരിചയപ്പെടുത്തൽ, വായനക്കുറിപ്പ് അവതരണം, ബുക്ക് റിവ്യൂ, എക്സർസൈസ്, കവിപരിചയം, പഠനോല്പന്നങ്ങളുടെ പ്രദർശനം എന്നിവ കോർത്തിണക്കി വൈവിധ്യമാർന്ന രീതിയിൽ ചൊവ്വ, വ്യാഴം ദിനങ്ങളിൽ സ്കൂൾ അസംബ്ലി ക്രമീകരിച്ചു വരുന്നു. | ഗൈഡ്സിന്റെ പ്രവർത്തനങ്ങൾ വിപുലമാക്കി അസംബ്ലി കുറേക്കൂടി മനോഹരമാക്കേണ്ടതുണ്ട്. |
| എല്ലാക്ലാസിനും തനത് പ്രവർത്തനം. | കുട്ടികളുടെ പാഠ്യ- പാഠ്യേതര വികാസത്തിനായി എൽകെജി മുതൽ ഏഴാം ക്ലാസ് വരെയുള്ള എല്ലാ ക്ലാസിലും ഓരോ തനത് പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കുന്നു. | പദ്ധതിയുടെ ഊർജ്ജസ്വലമായ നടത്തിപ്പിന് സ്കൂളിന് സ്നേഹിക്കുന്ന അഭ്യുദയകാംക്ഷികളുടെ സഹായം ആവശ്യമാണ് |

# ക്ലാസ്തല / സ്കൂൾതല തനത്പ്രവർത്തനങ്ങൾ

## 2025 – 26 അധ്യയനവർഷം അഭിമാനപുരസ്സരം ആരംഭിക്കുന്ന തനത്പ്രവർത്തനങ്ങൾ

### LKG




### UKG




### STD 1




### STD 2



# സി.ഡി.എ.യു.പി.സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ്തല / സ്കൂൾതല തനത്പ്രവർത്തനങ്ങൾ

### STD 3




### STD 4




### STD 5

**ഗണിതവിസ്മയം** (അഞ്ചാം ക്ലാസിന്റെ തനത് പ്രവർത്തനം)



ഗണിതം എളുപ്പവും രസകരവുമാക്കുന്ന വിവിധ പ്രവർത്തനങ്ങൾ.

ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനം.

ചുമതല ഗണിത ക്ലബ്ബ്, ഗണിത അധ്യാപകൻ

സി.ഡി.എ.യു.പി.എസ് ഒലിവ്മൗണ്ട്

### STD 6




### STD 7

**കുഞ്ഞുതൂലിക** (ഏഴാം ക്ലാസിന്റെ തനത് പ്രവർത്തനം)



- വിവിധ വിഷയങ്ങൾ അടിസ്ഥാനപ്പെടുത്തി കഥ, കവിത, ചിത്രരചന എന്നിവ സംഘടിപ്പിക്കുന്നു.
- രചനകൾ എല്ലാം ചേർത്ത് ഒരു പതിപ്പായി പുറത്തിറക്കുന്നു
- ഒരു വർഷത്തെ പ്രവർത്തനം
- ചുമതല : ക്ലാസ് ടീച്ചർ

സി.ഡി എ.യു.പി.എസ് ഒലിവ്മൗണ്ട്

# ക്ലാസ്തല / സ്കൂൾതല തനത്പ്രവർത്തനങ്ങൾ

## STD 7 ENGLISH




## HINDI




## SANSKRIT




## ARABIC



# 2025 – 26 അധ്യയന വർഷത്തെ സ്കൂളിന്റെ അഭിമാനകരമായ 2 തനത്പ്രവർത്തനങ്ങൾ

## സ്കൂളിന്റെ തനത് പ്രവർത്തനം



### എന്റെ കൃഷിമുറ്റം

ലക്ഷ്യം : സ്കൂളിലെ എല്ലാ കുട്ടികളുടെയും വീട്ടിൽ അടുക്കള പച്ചക്കറിതോട്ടം ഒരുക്കുന്നു. അത് കൃത്യമായി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു

ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനം

നേതൃത്വം : ഖദീജ ടീച്ചർ, സിനു സാർ

ചുമതല : കാർഷിക ക്ലബ്

## വിദ്യാരഥം (സ്കൂളിന്റെ തനത് പ്രവർത്തനം)



ചരിത്രപരമായ സ്ഥലങ്ങൾ സന്ദർശിച്ച് അറിവുകൾ നേടുന്നു

ഓരോ സമയത്തും 20 കുട്ടികൾ അടങ്ങുന്ന ഒരു ഗ്രൂപ്പ് യാത്രയിൽ ഉണ്ടാകും

ശേഖരിച്ച വിവരങ്ങളെ ഡിജിറ്റലായി സമൂഹമാധ്യമങ്ങളിൽ അവതരിപ്പിക്കുന്നു

ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനം

ചുമതല : സൈജു ജോർജ്, എം.വി കൃഷ്ണകുമാർ

## ഉപസംഹാരം

പൊതു വിദ്യാലയങ്ങളാണ് നാടിന്റെ നന്മ. ചുറ്റുമിരിക്കുന്ന തന്റെ സഹപാഠികളെ തിരിച്ചറിഞ്ഞ്, നാടിന്റെ നന്മകളും പൈതൃകവും തിരിച്ചറിഞ്ഞ്, തന്റെ സർഗ്ഗശേഷികളെ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങളെ തൊട്ടറിഞ്ഞ് വളരുന്ന ഓരോ വിദ്യാർത്ഥിയും നമ്മുടെ നാടിന്റെ മുതൽക്കൂട്ടാണ്. ആ കൈകൾക്ക് ശക്തി പകരുക, അവരുടെ ഭാവനകൾക്ക് നിറം കൊടുക്കുക എന്നതാണ് ഓരോ അധ്യാപകന്റെയും കടമ. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ കീഴിൽ വരുന്ന ഈ പുതിയ അക്കാദമിക വർഷം വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് ഞങ്ങൾ പ്രതിജ്ഞാബദ്ധമാണെന്ന് ആവർത്തിച്ചുറപ്പിച്ചുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

ഈ അക്കാദമിക മാസ്റ്റർ തയ്യാറാക്കുകവാൻ എന്നെ സഹായിച്ച എല്ലാ സഹപ്രവർത്തകരെയും സ്ഥാപനത്തിന്റെ പ്രധാനാധ്യാപികയെയും  നന്ദിയോടെ ഓർത്തുകൊണ്ട് ഉപസംഹരിക്കുന്നു.

---------*----------